**പതിമൂന്നാം കേരള നിയമസഭ ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5291**
**02.07.2013 ലെ മറുപടിക്ക്**

# പ്രത്യേക വികസന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നുള്ള പ്രൊപ്പോസൽ

**ചോദ്യം**
**ശ്രീ. ടി.എ.അഹമ്മദ് കബീർ എം.എൽ.എ**

**ഉത്തരം**
**ശ്രീ. കെ.എം.മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പ്രാദേശിക വികസനത്തിന് മുൻഗണനാക്രമത്തിലുള്ള പ്രത്യേക വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് മലപ്പുറം ജില്ലയിൽ നിന്നും എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം? | പ്രാദേശിക വികസനത്തിനു മുൻഗണനാക്രമത്തിലുള്ള പ്രത്യേക വികസന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ മങ്കട മണ്ഡലത്തിൽ 5 ഉം കൊണ്ടോട്ടി മണ്ഡലത്തിൽ 1 ഉം പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി. |
| (ബി) | മലപ്പുറം ജില്ലയിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; അവ ഏതെല്ലാം? | ഈ പ്രൊപ്പോസലുകളിൽ 2 എണ്ണത്തിന് ധനവകുപ്പ് അനുമതി നൽകുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മലപ്പുറം ജില്ലയിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച എത്ര പ്രവൃത്തികളാണ് ഭരണാനുമതി നൽകാതെ നിരസിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും, നിരസിക്കാനുള്ള കാരണ സഹിതം വ്യക്തമാക്കാമോ? | മലപ്പുറം ജില്ലയിൽ നിന്നും പ്രാദേശിക മുൻഗണനാ പദ്ധതിപ്രകാരം ലഭിച്ചിട്ടുള്ള 6 പ്രൊപ്പോസലുകളിൽ 4 എണ്ണം നിരസിക്കുകയുണ്ടായി. പ്രാദേശിക മുൻഗണനാ പദ്ധതിപ്രകാരം തദ്ദേശീയമായി പ്രധാനപ്പെട്ട ചെറുകിട പദ്ധതികൾ നടപ്പാക്കുന്നതിനായി 2013-14 ബജറ്റിൽ സംസ്ഥാനത്തിന് ആകെ 5 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. മേൽ പ്രവൃത്തികൾ താരതമ്യേന വലിയ തുകയുള്ള പദ്ധതികളായതുകൊണ്ട് MLA-SDF വഴിയോ LAC-ADF പ്രകാരമോ അവ ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | നിയോജക മണ്ഡലം | പഞ്ചായത്ത് | പ്രവൃത്തികളുടെ പേര് | എസ്റ്റിമേറ്റ് തുക | അനുമതി നൽകിയ തുക | സർക്കാർ ഉത്തരവ് നം. തീയതി |
|---|---|---|---|---|---|---|
| 1 | മങ്കട | മൂർക്കനാട് | കൊളത്തൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം | 20 ലക്ഷം | -- | -- |
| 2 | | കുറുവ | ചേണ്ടി പാലം പുതുക്കി പണിയൽ | 25 ലക്ഷം | -- | -- |
| 3 | | മങ്കട | പണിക്കർക്കുണ്ട് പാലം പുതുക്കി പണിയൽ | 10 ലക്ഷം | -- | -- |
| 4 | | കുട്ടിലങ്ങാടി | പനമ്പറ്റ പുഴക്കടവ് പാലം അപ്രോച്ച് റോഡ് പുനരുദ്ധാരണം | 15 ലക്ഷം | 15 ലക്ഷം | സ.ഉ.(സാ.ധാ) നം.5287/13/ധന തീയതി 21.6.13 |
| 5 | | മൂർക്കനാട് | പുളക്കുഴി ചിറപ്പാലം പുതുക്കി പണിയൽ | 10 ലക്ഷം | -- | – |
| 6 | കൊണ്ടോട്ടി | പുളിക്കൽ | ചിറക്കരപ്പടി ഗവ.ഹൈസ്കൂൾ റോഡ് | 5 ലക്ഷം | 5 ലക്ഷം | ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | **Total** | | **20 ലക്ഷം** | |

സെക്ഷൻ ഓഫീസർ